# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1101** **20/01/2014-ൽ മറുപടിക്ക്**

## സമഗ്ര വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം മണ്ഡലങ്ങളിലാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കോഴിക്കോട് നോർത്ത്, കൊടുവള്ളി, തിരുവമ്പാടി, കോഴിക്കോട് സൗത്ത്, എലത്തൂർ എന്നീ അസംബ്ലി നിയോജക മണ്ഡലങ്ങളിൽ സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) ഈ പദ്ധതിപ്രകാരം ഓരോ മണ്ഡലത്തിലും നടപ്പാക്കുന്ന കാര്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ഈ പദ്ധതിപ്രകാരം കൊയിലാണ്ടി, കോഴിക്കോട് നോർത്ത്, കൊടുവള്ളി, തിരുവമ്പാടി എന്നീ അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയ രൂപീകരണം നടത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഈ മണ്ഡലങ്ങളിലെ പ്രഥമാധ്യാപകർക്ക് (പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെ) മാനേജ്മെന്റ് പരിശീലനം നൽകുകയും, പ്രോജക്ട് പരിചയപ്പെടുത്തുകയും ചെയ്തു. കോഴിക്കോട് സൗത്ത് അസംബ്ലി നിയോജക മണ്ഡലത്തിൽ ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ എന്നിവ നടന്നു കഴിഞ്ഞു. തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. എലത്തൂർ നിയോജക മണ്ഡലത്തിൽ ആശയ രൂപീകരണം നടന്നു. സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ ഏജൻസികൾ ഏറ്റെടുത്തു നടത്തേണ്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ തയ്യാറാക്കി വരുന്നു. മാർഗ്ഗരേഖക്കനുസൃതമായിട്ടായിരിക്കും ഓരോ മണ്ഡലത്തിലേയും പദ്ധതിയുടെ വിശദാംശങ്ങൾ അന്തിമമായി തീരുമാനിക്കുക. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം അതു സംബന്ധിച്ച അവലോകനം സീമാറ്റ് നടത്തിയി ട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഉണ്ടെങ്കിൽ അവലോകനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | ബാധകമല്ല. |

Sreedevi

**സെക്ഷൻ ഓഫീസർ**